LBRD-C4/266/2021-LBRD

"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തൊഴിലും നൈപുണ്യവും വകുപ്പ് - വ്യാവസായിക പരിശീലനം - ജീവനക്കാര്യം - കണ്ണൂർ ഐ.ടി.ഐയിലെ എൽ.ഡി.സ്റ്റോർ കീപ്പർ ആയിരുന്ന പരേതയായ ശൈലജ.കെ-യുടെ അനധികൃത ഹാജരില്ലായ്മ കാലയളവ് ശൂന്യവേതനാവധിയായി ക്രമീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തൊഴിലും നൈപുണ്യവും (സി) വകുപ്പ്**

സ.ഉ.(സാധാ) നം.530/2026/LBR തീയതി,തിരുവനന്തപുരം, 31-03-2026

---

പരാമർശം:- 1. കണ്ണൂർ ഐ.ടി.ഐയിലെ എൽ.ഡി.സ്റ്റോർ കീപ്പർ ആയിരുന്ന ശ്രീമതി ശൈലജ.കെ 31/12/2020-ൽ സമർപ്പിച്ച അവധി അപേക്ഷ.

2. ട്രെയിനിംഗ് ഡയറക്ടറുടെ 05/11/2021, 07/10/2022, 21/01/2026 എന്നീ തീയതികളിലെ ഡി.ടി/3418/2019/വി.സി നമ്പർ കത്തുകൾ.

**<u>ഉത്തരവ്</u>**

വ്യാവസായിക പരിശീലന വകുപ്പിൻ കീഴിലുള്ള കണ്ണൂർ ഐ.ടി.ഐയിലെ എൽ.ഡി.സ്റ്റോർ കീപ്പർ ആയിരുന്ന ശ്രീമതി ശൈലജ.കെ-യ്ക്ക് 08-02-2019 മുതൽ 08-05-2019 വരെ 90 ദിവസത്തെ മെഡിക്കൽ സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ ശൂന്യവേതനാവധി ഐ.ടി.ഐ പ്രിൻസിപ്പാൾ അനുവദിച്ചിരുന്നു. എന്നാൽ ലീവ് കാലാവധി കഴിഞ്ഞും ടിയാൾ തിരികെ സേവനത്തിൽ പ്രവേശിച്ചിരുന്നില്ല എന്നും തുടർന്ന് ടിയാൾക്കെതിരെ അച്ചടക്ക നടപടികൾ സ്വീകരിച്ച് തീർപ്പാക്കി എന്നും ട്രെയിനിംഗ് ഡയറക്ടർ റിപ്പോർട്ട് ചെയ്തിരുന്നു. അസുഖബാധിതയായി കിടപ്പിലായതിനാലാണ് ജോലിയിൽ നിന്നും വിട്ടു നിന്നതെന്നും ടിയാൾ 31/12/2020-ന് സേവനത്തിൽ നിന്നും വിരമിക്കുകയും തുടർന്ന് 22/07/2021-ന് മരണപ്പെടുകയും ചെയ്തു. ഈ സാഹചര്യത്തിൽ ടിയാളുടെ പെൻഷൻ ആനുകൂല്യങ്ങൾ അനുവദിക്കുന്നതിനായി അനധികൃത ഹാജരില്ലായ്മ ക്രമീകരിച്ചു നൽകുന്നതിനായി പരാമർശം 2 പ്രകാരം ട്രെയിനിംഗ് ഡയറക്ടർ അഭ്യർത്ഥിച്ചിരുന്നു. കൂടാതെ ശ്രീമതി ശൈലജ.കെ-യ്ക്ക് 08/02/2019 മുതൽ 08/05/2019 വരെ 90 ദിവസത്തേയ്ക്ക് അനുവദിച്ച ശൂന്യവേതനാവധി ഐ.ടി.ഐ പ്രിൻസിപ്പാൾ റദ്ദ് ചെയ്ത ഉത്തരവ് പുറപ്പെടുവിക്കുകയും ചെയ്തിരുന്നു.

2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കണ്ണൂർ ഐ.ടി.ഐയിലെ എൽ.ഡി.സ്റ്റോർ കീപ്പർ ആയിരുന്ന ശ്രീമതി ശൈലജ.കെ-യ്ക്ക്; ടിയാൾ അനധികൃതമായി സർവ്വീസിൽ നിന്നും വിട്ടുനിന്ന 08/02/2019 മുതൽ 08/05/2019 വരെ ടി കാലയളവ് ആർജ്ജിതാവധിയ്ക്ക് പരിഗണിക്കുകയില്ല എന്ന വ്യവസ്ഥയിൽ മെഡിക്കൽ സർട്ടിഫിക്കറ്റിന്മേലും; 09/05/2019 മുതൽ 30/12/2020 വരെ ടി കാലയളവ് ഇൻക്രിമെന്റ്, ഹയർ ഗ്രേഡ്, പെൻഷൻ, ആർജ്ജിതാവധി എന്നിവയ്ക്ക് കണക്കാക്കുകയില്ല എന്ന വ്യവസ്ഥയിൽ മെഡിക്കൽ സർട്ടിഫിക്കറ്റിന്മേലല്ലാതെയും കെ.എസ്.ആർ. ഭാഗം ഒന്ന്, ചട്ടം 88 പ്രകാരം ശൂന്യവേതനാവധിയായി ക്രമീകരിച്ച് ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
അനിൽ കുമാർ എസ്
ഡെപ്യൂട്ടി സെക്രട്ടറി

ട്രെയിനിംഗ് ഡയറക്ടർ, തിരുവനന്തപുരം.
ശ്രീമതി. ശൈലജ.കെ-യുടെ അനന്തരാവകാശികൾക്ക് (ട്രെയിനിംഗ് ഡയറക്ടർ മുഖാന്തിരം).
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ ആന്റ് ഇ) കേരള, തിരുവനന്തപുരം.

ധനകാര്യ വകുപ്പ്. (24/11/2022-ലെ 2241167/LBR-1/320/2022-FIN നമ്പർ നോട്ട് പ്രകാരം).

വിവര പൊതുജന സമ്പർക്ക വകുപ്പ്. ( ഗവൺമെന്റ് വെബ് സൈറ്റിൽ നൽകുന്നതിനായി)

കരുതൽ ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

Signed by

Usha Rani L

Date: 01-04-2026 10:34:29

സെക്ഷൻ ഓഫീസർ